**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വള്ളുവനാട് മഹോത്സവം-2013 - വള്ളുവനാട് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പ് ചെലവ് - പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1802/2013/തസ്വഭവ തീയതി, തിരുവനന്തപുരം 8.7.2013

===========================================================================

പരാമർശം:- പെരിന്തൽമണ്ണ നഗരസഭാ ചെയർപെഴ്സൺന്റെ 21/5/13ലെ ജി4/12781/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പെരിന്തൽമണ്ണ നഗരസഭ ഏപ്രിൽ മാസത്തിൽ സംഘടിപ്പിച്ച വള്ളുവനാട് മഹോത്സവം -2013ന്റെ ഭാഗമായി മെയ്-24-28 വരെ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിന് 2013-14 നഗരസഭാ ബജറ്റിൽ വകയിരുത്തിയ 1,50,000/- (ഒരു ലക്ഷത്തിഅൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം പെരിന്തൽമണ്ണ നഗരസഭാ ചെയർപെഴ്സൺ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനതത്തിൽ വള്ളുവനാട് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പ് ചെലവിനായി 2013-14 ബജറ്റിൽ വകയിരുത്തിയ 1,50,000/- (ഒരു ലക്ഷത്തിഅൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിന് പെരിന്തൽമണ്ണ നഗരസഭക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.പി.ചന്ദ്രപ്രകാശ്,
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), Kerala,Thiruvananthapuram.
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ